URBAN HOUSING MISSION

LOCAL SELF GOVERNMENT DEPARTMENT
GOVERNMENT OF KERALA
Ph No :0471-2554714,15 | Fax : 0471-2554717
email:uhmkerala@gmail.com| www.urbanhousingmission.org

2560/എൻ/2016/കെ എസ് എച്ച്.ഒ. 08.06.2016

പ്രേഷിത

മെമ്പർ സെക്രട്ടറി
അർബൻ ഹൗസിംഗ് മിഷൻ &
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ.

സ്വീകർത്താവ്

1. നഗരസഭാ ചെയർമാന്മാർ/ കോർപ്പറേഷൻ മേയർമാർ
2. നഗരസഭാ സെക്രട്ടറി / കോർപ്പറേഷൻ സെക്രട്ടറി

സർ,

വിഷയം:- ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി -നിർവ്വഹണം- സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിലെ 2560/എൻ/2016/കെഎസ്എച്ച്ഒ തീയതി 12.04.2016
2. ഈ ഓഫീസിലെ 2560/എൻ/2016/കെഎസ്എച്ച്ഒ തീയതി 11.05.2016

'എല്ലാവർക്കും ഭവനം' (പിഎംഎവൈ) പദ്ധതി പ്രകാരം, ഗുണഭോക്താക്കൾക്ക്, ബാങ്കുകൾ മുഖാന്തിരം നേരിട്ട് കുറഞ്ഞ നിരക്കിൽ വായ്പ നൽകി, ഭവനമെന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന ക്രഡിറ്റ് ലിങ്ക്ഡ് സബ്സിഡി (സിഎൽഎസ്എസ്) കേരളത്തിലെ എല്ലാ നഗരസഭകളിലും നടപ്പിലാക്കുകയാണ്. ആദ്യ ഘട്ടത്തിൽ പിഎംഎവൈ നടപ്പിലാക്കുന്ന 14 നഗരസഭകൾക്ക് പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച (സിഎൽഎസ്എസ്) വിശദമായ നിർദ്ദേശങ്ങൾ സൂചന മുഖാന്തിരം നൽകിയിരുന്നു.

പിഎംഎവൈ യുടെ മുഴുവൻ ഘടകങ്ങളും എല്ലാ നഗരസഭകളിലും നടപ്പിലാക്കുന്നതിന് ചെറിയ കാലതാമസം ഉണ്ടാവുമെന്നതിനാൽ, അത്രയും കാലംവരെ സിഎൽഎസ്എസ് എന്ന ഘടകത്തിന്റെ നിർവ്വഹണം, മാറ്റിവയ്ക്കാൻ കഴിയില്ല. ടി സാഹചര്യത്തിൽ എല്ലാ നഗരസഭകളും സിഎൽഎസ്എസ് ഘടകം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാവശ്യമായ താഴെപറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) ഫെസിലിറ്റേറ്റർമാരുടെ നിയമനം:- 12/4/2016-ലെ കുടുംബശ്രീ ഇതേ നമ്പരായ കത്തിൽ പ്രതിപാദിക്കുന്ന രീതിയിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കേണ്ടതും, തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുമാണ്.

(2) എൻ.ഒ.സി നൽകൽ: 12/4/2016-ലെ സൂചന കത്തിൽ പ്രതിപാദിക്കുന്ന രീതിയിൽ, ഗുണഭോക്താക്കൾക്ക് എൻഒസി നൽകേണ്ടതാണ്. എൻഒസി

നൽകുമ്പോൾ, താഴെപറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

a. പ്രസ്തുത ഗുണഭോക്താവ്, പിഎംഎവൈയിലെ മറ്റൊരു ഘടകത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റാൻ പാടില്ല.

b. പദ്ധതി പ്രകാരം ഡിമാൻഡ് സർവ്വേ നടത്തിയിട്ടുള്ള പക്ഷം. സിഎൽഎസ്എസ് ഘടകത്തിൽ വന്നിട്ടുള്ള ഗുണഭോക്താക്കൾക്കും, സിഎൽഎസ്എസ് അല്ലാതെ മറ്റു ഘടകങ്ങളിൽ വന്നിട്ടുള്ള ഗുണഭോക്താക്കൾക്ക്, ഗുണഭോക്താക്കൾ ആവശ്യപെടുന്ന പക്ഷം. മറ്റു ഘടകങ്ങളിൽ നിന്ന് ഒഴിവാക്കി, സിഎൽഎസ്എസ് ഘടകത്തിൽ ഉൾക്കൊള്ളിച്ചും എൻഒസി നൽകാവുന്നതാണ്.

c. ഡിമാൻഡ് സർവ്വേ നടത്താത്ത നഗരങ്ങളിൽ, നഗരസഭയുടെ പരിധിയിൽ താമസിക്കുന്ന ഗുണഭോക്താവ് ആണെന്നും, മറ്റ് ഭവനങ്ങൾ ഇല്ലെന്നും ഉറപ്പുവരുത്തിയ ശേഷം, പുതിയ ഭവനത്തിനായും, നിലവിൽ കെട്ടിടമുള്ള പക്ഷം; മാനദണ്ഡങ്ങൾക്ക് വിധേയമായി കെട്ടിടം വിപുലീകരിക്കുന്നതിനും കെട്ടിടം പക്കയാക്കുന്നതിനും എൻഒസി നൽകാവുന്നതും, ഇത്തരത്തിൽ എൻഒസി നല്കുന്നവരുടെ പട്ടിക പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് സർവ്വേ നടത്തി HFAPoA (എല്ലാവർക്കും ഭവനം പദ്ധതി) തയ്യാറാക്കുമ്പോൾ, പ്രസ്തുത ഗുണഭോക്താവ് മറ്റു ഘടകത്തിൽ വരുന്നില്ല എന്ന് ഉറപ്പ് വരുത്തി, സിഎൽഎസ്എസ് ഘടകത്തിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

d. പദ്ധതി പ്രകാരം തയ്യാറാക്കിയ ഗുണഭോക്താക്കൃ പട്ടികയിൽ ഒരു ഘടകത്തിലും വരാത്ത ഗുണഭോക്താക്കൾക്കും, അവർ അർഹരാണ് എന്ന് കാണുന്ന പക്ഷം, എൻഒസി നൽകാവുന്നതും സിഎൽഎസ്എസ് ഘടകത്തിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

e. ഗുണഭോക്താവ്, ബന്ധപ്പെട്ട ബാങ്ക് എന്നിവർ ആവശ്യപ്പെടുന്ന മുറയ്ക്ക് എൻഒസി നൽകേണ്ടതാണ്.

f. ഗുണഭോക്താവിന് ആവശ്യമായ അവബോധം നൽകുന്നതിന് ബന്ധപ്പെട്ട ഫെസിലിറ്റേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
മെമ്പർ സെക്രട്ടറി
അർബൻ ഹൗസിംഗ് മിഷൻ &
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ.

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അർബൻ)